**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5051** **14-03-2023 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സാക്ഷരതാ മിഷന്റെ പ്രവർത്തനം പൂർണ്ണമായി ഏറ്റെടുത്ത ശേഷം മിഷന്റെ ചെലവുകൾക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന സാക്ഷരതാസമിതി എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയും 1997 മുതൽ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി എന്ന നാമധേയത്തിൽ ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്ത ഒരു സ്വയംഭരണ സ്ഥാപനമാണ് സാക്ഷരതാമിഷൻ അതോറിറ്റി. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സാക്ഷരത-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1998 ഒക്ടോബർ മുതലാണ്. 1998ലും 1999ലും കേന്ദ്രസഹായം ലഭിച്ചിരുന്നു. പിന്നീട് 2008-2009 വർഷത്തിൽ മാത്രമാണ് കേന്ദ്രസഹായം ലഭിച്ചിട്ടുള്ളത്. 2009 മാർച്ച് മാസത്തോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് നിർത്തലാക്കിയതു മുതൽ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ധനസഹായം (ഗ്രാന്റ്) കൊണ്ടാണ് സംസ്ഥാന സാക്ഷരതാമിഷൻ പ്രവർത്തിച്ചു വരുന്നത്. സംസ്ഥാന സർക്കാർ 2009-10 മുതൽ നാളിതുവരെ സംസ്ഥാന സാക്ഷരതാമിഷന് ബജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സാക്ഷരത പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ? | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലാണ് തുടർവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ജില്ലാ സാക്ഷരതാമിഷൻ മുതൽ പഞ്ചായത്ത് തലം വരെയുള്ള സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ (സാക്ഷരത, തുല്യതാ കോഴ്സുകൾ) ഏകോപിപ്പി ക്കുന്നതും ശക്തിപ്പെടുത്തുന്നതും ജില്ല മുതൽ പഞ്ചായത്ത് തലം വരെയുള്ള സാക്ഷരതാസമിതികളുടെ സഹായ സഹകരണ ങ്ങളോടെയാണ്. ജില്ലാ സാക്ഷരതാമിഷൻ മുതൽ |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് തലം വരെയുള്ള ധനവിനിയോഗം നടത്തുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ (എഫ് & എ കോ-ഓർഡിനേറ്റർ) വഴിയാണ്. സാക്ഷരതാമിഷന്റെ കോഴ്സുകളിൽ ചേരുന്ന സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിലുള്ള പഠിതാക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനഫണ്ടിൽ തുക വകയിരുത്താറുണ്ട്. സർക്കാർ നയത്തിന്റെ ഭാഗമായുള്ള എല്ലാ നൂതനപദ്ധതികളും സാമൂഹ്യ സാക്ഷരതാ പരിപാടികളും പൊതുജനങ്ങളുമായി ഏറ്റവും അടുത്തിടപെടുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും സഹായത്തോടെയുമാണ് സാക്ഷരതാമിഷൻ നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി | | |
|---|---|---|
| **സംസ്ഥാന സാക്ഷരതാമിഷന് 2009-10 മുതൽ 2023-24 വരെ കേരളസർക്കാർ വകയിരുത്തിയ ബജറ്റ് വിഹിതം** | | |
| വർഷം | ബജറ്റ് വിഹിതം | റിമാർക്സ് |
| 2009-2010 | 5 കോടി | |
| 2010-2011 | 3.5 കോടി | |
| 2011-2012 | 8 കോടി | |
| 2012-2013 | 12 കോടി | |
| 2013-2014 | 16 കോടി | |
| 2014-2015 | 15 കോടി | |
| 2015-2016 | 15 കോടി | |
| 2016-2017 | 15 കോടി | |
| 2017-2018 | 27.50 കോടി | 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിൽ സാക്ഷരതാ മിഷന് 15.50 കോടി രൂപ വകയിരുത്തി. പ്രേരക് ഓണറേറിയം നൽകുന്നതിന് 12 കോടി രൂപ അധികമായി അനുവദിച്ചു. |
| 2018-2019 | 22 കോടി | 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിൽ സാക്ഷരതാ മിഷന് 17 കോടി രൂപ വകയിരുത്തി. പ്രേരക് ഓണറേറിയം നൽകുന്നതിന് 5 കോടി രൂപ അധികമായി അനുവദിച്ചു. |
| 2019-2020 | 17.50 കോടി | |
| 2020-2021 | 17.50 കോടി | |
| 2021-2022 | 18 കോടി | |
| 2022-2023 | 18 കോടി | |
| 2023-2024 | 18 കോടി | |

സെക്ഷൻ ഓഫീസർ

ഡയറക്ടർ